**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1906** **08-02-2023 - ൽ മറുപടിയ്ക്ക്**

**വളർത്തുമൃഗങ്ങളിലെ ചർമ്മ മുഴ രോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പശുക്കളിലും മറ്റ് വളർത്തുമൃഗങ്ങളിലും ചർമ്മ മുഴ എന്ന സാംക്രമിക രോഗം പടർന്നുപിടിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത രോഗബാധയുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | പോക്സ് വിഭാഗത്തിൽപ്പെട്ട വൈറസാണ് ഈ രോഗബാധയുടെ കാരണം. |
| (സി) | ഇക്കാര്യത്തിൽ ക്ഷീര കർഷകരുടെ ആശങ്ക അകറ്റുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | രോഗബാധ തടയുന്നതിനായി ചർമ്മ മുഴ സ്ഥിരീകരിച്ച ഉരുക്കൾ നിൽക്കുന്ന പ്രദേശത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ റിംഗ് / കണ്ടൈൻമെന്റ് വാക്സിനേഷൻ നടത്തിവരുന്നു. നിലവിൽ രോഗബാധ തടയുന്നതിനായി ജനുവരി 18 മുതൽ 30 പ്രവർത്തി ദിവസങ്ങളിലായി ചർമ്മ രോഗപ്രതിരോധ കാർപ്പറ്റ് വാക്സിനേഷൻ ക്യാമ്പ് നടത്തിവരുന്നു. രോഗം ബാധിച്ച കന്നുകാലികളെ ചികിത്സിക്കുന്നതിന് അതാത് പഞ്ചായത്തുകളിലെ മൃഗാശുപത്രികളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ